# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5729 02.07.2014 - ൽ മറുപടിക്ക്

## ജല അതോറിറ്റി പിരിച്ചെടുക്കാനുള്ള വെള്ളക്കരം കുടിശ്ശിക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |

(എ) പിരിച്ചെടുക്കാനുള്ള വെള്ളക്കരം കുടിശ്ശിക എത്രയാണെന്ന് അറിയിക്കുമോ;

(എ) 31/03/2014-ലെ കണക്കനുസരിച്ച് വെളളക്കര ഇനത്തിൽ പിഴപലിശകളും ഫൈനും ഉൾപ്പെടെ വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്നും ആകെ 613.78 കോടി രൂപ പിരിഞ്ഞു കിട്ടുവാനുണ്ട്.

(ബി) വ്യവസായം, ഗാർഹികം, ഗാർഹികേതരം എന്നീ വിഭാഗങ്ങളിൽ ഓരോന്നിലും എത്ര കണക്ഷനുകളാണ് നിലവിലുള്ളത്; ഓരോ വിഭാഗത്തിൽ നിന്നും പിരിച്ചെടുക്കേണ്ട കുടിശ്ശികത്തുക എത്ര വീതമെന്ന് ഇനം തിരിച്ച് വിശദമാക്കുമോ ;

(ബി)

| ഉപഭോക്താക്കളുടെ ഇനം | എണ്ണം | കുടിശ്ശിക തുക (കോടിയിൽ) |
|---|---|---|
| ഗാർഹികം | 1538660 | 112.42 |
| ഗാർഹികേതരം | 112515 | 310.00 |
| വ്യവസായികം | 1206 | 38.00 |
| **ആകെ** | **16,52,381** | **460.42** |

(സി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്നും ഈ നടപടികൾ മൂലം എത്ര തുക പിരിച്ചെടുത്തെന്നും അറിയിക്കുമോ ;

(ഡി) ബാക്കി തുക പിരിച്ചെടുക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(സി) & (ഡി) കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് കണക്ഷൻ വിഛേദിക്കാനുള്ള നോട്ടീസ് നൽകുകയും കണക്ഷൻ വിഛേദിക്കുകയും റവന്യൂ റിക്കവറിക്ക് ശുപാർശ ചെയ്യുകയും ചെയ്യാറുണ്ട്. ജില്ലാ തലത്തിൽ ഒരു അദാലത്ത് നടത്തി കുടിശ്ശിക പിരിക്കാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയുടെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ